(സി) പീരുമേട് പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിനുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇടുക്കി ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് വണ്ടിയും സ്റ്റാഫും ഇല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ജി) കുമളി ആസ്ഥാനമായി പുതിയ പോലീസ് സർക്കിൾ സ്റ്റേഷൻ രൂപീകരിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ), (ബി) കുമളി, പെരുവന്താനം പോലീസ് സ്റ്റേഷനുകളുടെ സിവിൽ ജോലികൾ പൂർത്തിയായിട്ടുണ്ട്. കെട്ടിടങ്ങൾ വൈദ്യുതീകരിക്കാനും ജലവിതരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(സി), (ഡി) പീരുമേട് പോലീസ് സ്റ്റേഷൻ കെട്ടിടം പണി 8-ാം ധനകാര്യ കമ്മീഷൻ സഹായത്തിനുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1987-88 സാമ്പത്തിക വർഷത്തിൽ പണി തുടങ്ങുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ആവശ്യമുള്ള തസ്തികകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. നിയമനത്തിനുള്ള നടപടികൾ പി. എസ്. സി. സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങൾ വാങ്ങുന്ന മുറയ്ക്ക് ഇടുക്കിക്ക് ആവശ്യമായ വാഹനങ്ങൾ നൽകുന്നതാണ്.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

പുതിയ പോലീസ് സ്റ്റേഷനുകൾ

150. [206] ശ്രീ. കെ. പി. രാമൻ :
,, എ. പി. അബ്ദുറഹിമാൻ ഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ സംസ്ഥാനത്ത് എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു ; ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ;

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(സി) 1986-ൽ എത്ര പുതിയ സ്റ്റേഷനുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7 പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു.
ആലപ്പുഴ ജില്ല—3
തിരുവനന്തപുരം ജില്ല—3
പത്തനംതിട്ട ജില്ല—1

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലത്തെ ക്രമസമാധാനനില, പോലീസ് സ്റ്റേഷനിലേക്കുള്ള ദൂരം മുതലായവയും, പൊതുജനങ്ങളുടെ ആവശ്യവും മുൻനിർത്തിയാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

(സി) എണ്ണം നിശ്ചയിച്ചിട്ടില്ല.

ഫയർ സ്റ്റേഷൻ

151. [207] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ പുതിയതായി എവിടെയെങ്കിലും ഫയർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(ബി) ഈ വർഷം പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. രണ്ടെണ്ണം കട്ടപ്പന, തൊടുപുഴ എന്നീ സ്ഥലങ്ങളിൽ.

(ബി) ഉദ്ദേശമുണ്ട്. ഏതെല്ലാം സ്ഥലങ്ങളിൽ എന്ന് തീരുമാനിച്ചിട്ടില്ല.

പോലീസ് കോൺസ്റ്റബിൾമാർ

152. [208] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് വകുപ്പിൽ ഇപ്പോൾ എത്ര കോൺസ്റ്റബിൾമാരാണുള്ളത് ;

(ബി) ഇപ്പോഴത്തെ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര കോൺസ്റ്റബിൾമാരെ നിയമിച്ചു ;

(സി) അടുത്ത ഒരു വർഷത്തിനകം എത്ര കോൺസ്റ്റബിൾമാരെക്കൂടി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) 20678.

(ബി) 6135 പേരെ.

(സി) പുതിയ പോസ്റ്റുകൾ വരുന്നതനുസരിച്ചും ഒഴിവുകൾ വരുന്നമുറയ്ക്കും പി. എസ്. സി. യുടെ ഉപദേശം കിട്ടുന്ന മുറയ്ക്കും നിയമനം നടത്തുന്നതാണ്. കൃത്യമായ കണക്ക് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

പാലാ സബ് ഡിവിഷനിലെ പോലീസുദ്യോഗസ്ഥൻമാരുടെ സസ്പെൻഷൻ

153. [209] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലാ പോലീസ് സബ് ഡിവിഷനിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സസ്പെൻഡ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റാങ്കിലുള്ള ഉദ്യോഗസ്ഥൻമാർ ;

(സി) അവർ ആരെല്ലാം ;

(ഡി) അവരുടെ പേരിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly